നിത്യജീവ ഉടമ്പടി, നിത്യ വിവാഹനിയമം, ഭക്ഷണനിയമം ഇവ ശരിയായി പാലിക്കയും ചെയ്കയാകുന്നു നിങ്ങളുടെ വെളിച്ചത്തെ പ്രകാശിപ്പിക്കുന്നതിനുള്ള മാർഗ്ഗം. അതിനു വിപരീതമായി, ഒന്നും സാരമില്ലെന്നും ഒരു നിയമവും വേണ്ടെന്നും എല്ലാം നിവൃത്തി യായെന്നും പറഞ്ഞു മറ്റുള്ളവരെ വഴി തെറ്റിക്കുന്ന ജീവിതം നയിക്കുന്നതായാൽ അതിന്റെ അവസാനം പരിതാപകരമാണ്.

നന്മതിന്മകളെ തിരിച്ചറിഞ്ഞ് തിന്മകളിൽ നിന്ന് അശേഷം ഒഴിഞ്ഞു ജീവിക്കേണ്ട യൂയോമയർ ഈ യൂയോമയ ധർമ്മത്തെ അത്ര സാരമാക്കാതെ നന്മതിന്മകളുടെ വിവേചന കൂടാതെ എല്ലാം നല്ലത്, ഒന്നും തെറ്റല്ല എന്നു പറഞ്ഞു കൊണ്ടു ഏതു തിന്മയിലും സഹകരണവും വാസവും നടത്തുന്നതു വ്യക്തി കൾക്കും കുടുംബങ്ങൾക്കും സഭയ്ക്കും ആപൽക്കരമാണ്. ശരിയും തെറ്റും വിവേചിക്കാതെയുള്ള പ്രകൃതി മൃഗീയവും സാത്താനു പ്രവേശനദ്വാരം തുറന്നുകൊടുക്കുന്നതുമാകുന്നു.

നമ്മുടെ പിതാക്കന്മാർ നിത്യനിയമ പ്രകാരം വളരെ ത്യാഗ ങ്ങൾ സഹിച്ചു സമ്പാദിച്ചിട്ടുള്ള ദിവ്യസമ്പാദ്യങ്ങളെ ഇങ്ങിനെ അഗണ്യമാക്കുന്നതിനാലുളവാകുന്ന നമ്മുടെ അപജയങ്ങൾക്കു നിയമത്തെയോ മറ്റുള്ളവരെയോ കുറ്റപ്പെടുത്തേണ്ടതില്ല. നമ്മുടെ ഓരോ തോൽവികൾക്കും അധഃപ്പതനത്തിനും കാരണം നാം തന്നെയെന്നും പിതാക്കന്മാരുടെ പിന്നടികളെ തുടരാത്തതിനും നമ്മുടെ വിലയേറിയ സമ്പാദ്യങ്ങളായ കുഞ്ഞുങ്ങൾക്കു നിയമ ബോധം നൽകാത്തതിനുമുള്ള ഉത്തരവാദിത്വം നമ്മിൽ ഓരോ രുത്തനും തന്നെയായിരിക്കുമെന്നും ധരിച്ചിരിക്കണം.

ബാഹ്യാഡംബരങ്ങളിലും ലോകപ്രതാപങ്ങളിലും ചഞ്ച ലരാകാതെ നിത്യനിയമാനുസരണം ജീവിക്കുകയും നിയമവി രുദ്ധതയിലും മ്ലേച്ഛസംസർഗ്ഗത്തിലും യാതൊരുവിധത്തിലും കലർപ്പില്ലാതെയിരിക്കുകയും ചെയ്‌വിൻ. തിരുസഭയെ ദൈവം ബലപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നിത്യജീവകൃപ നിങ്ങളെല്ലാവരോടും കൂടെ എന്നേക്കുമിരിക്കട്ടെ

എന്ന്

പാ. പാദശുശ്രൂഷക്കാരൻ

ഉള്ളിരിപ്പിൽ നിന്നും

15.09.2022

എൻ.ഒ. ജയദേവൻ

*ത്തലവൻ പൂവഷസൂക്തം കീർത്തിച്ച് ശുശ്രൂഷ നിവൃത്തി ക്കണം. ഒടുക്കത്തെ പാട്ടിനു മുൻപേ ഗുണദോഷം പറയണ മെങ്കിൽ പറയാം. യുക്തവും ക്രമവും സൗകര്യവും പോലെ ഈ കാര്യങ്ങൾ ഒക്കെയും ചെയ്തു കൊള്ളണം.*

4. *18-ാം തീയതി യുയോമയ കുടുംബങ്ങളിൽ ഒന്നിലെങ്കിലും ദശാംശപ്പിരിവും ഐക്യവിരുന്നും മഹാദൈവരാധനയും ഇല്ലാതി രിപ്പാൻ പാടില്ലാത്തതിനാൽ, ഒന്നുമില്ലാത്ത ദരിദ്രന്മാരായ.......*

*നിങ്ങൾ എല്ലാവരും ഇപ്രകാരമുള്ള നിത്യവിശ്വാസത്തിൽ ജിവിച്ച് ബലപ്പെട്ട് കൊൾവിൻ. ഈ 18-ാം തീയതിയിലെ പ്രവർത്തി നിങ്ങളുടെ വിശ്വാസത്തിന് ജീവമുദ്രയാകട്ടെ.*

*മങ്കഴിയിൽ നിന്നും*
*യുയോ : 15-ാമാണ്ട്*
*ഋതം 14-ാം തീയതിക്ക്*
*1072 കന്നി 1-ാം തീയതി*
*1896 സെപ്റ്റംബർ 15*
*4 വാര. ദി. 800*

*ആത്മാവിന്റെയും കാന്തയുടെയും ജീവകൃപ നിങ്ങളെല്ലാവരോടും കൂടെ എന്നേക്കുമിരിക്കട്ടെ.*

*എന്ന്,*

*പാ. പാദശുശ്രൂഷക്കാരൻ*
*യുസ്തൂസ് യാക്കോബ്*

*വിശേഷിച്ചും, സഭാത്തലവന്മാരും ശുശ്രൂഷക്കാരും ഈ എഴുത്തു സഭയിൽ വായിക്കുന്നതു കൂടാതെ ആവശ്യപ്പെട്ടാൽ ഓരോ കുടുംബത്തിലും കൊണ്ടുചെന്നു വായിച്ചു ഗ്രഹിപ്പിച്ച് കാര്യാദികൾ വേണ്ടുംവണ്ണം ചട്ടംകെട്ടി നടത്തിച്ചുകൊള്ളണം".*

---

എന്റെ പിതാമഹൻ യുസ്തൂസ് ദാനിയേൽ ബോധകർ അവർകൾ 1923 വരെ നവവത്സര സന്ദേശം എഴുതിയ ഉള്ളരിപ്പിൽ ഇരുന്നുകൊണ്ട് 142-ാമാണ്ട് നവവത്സര സന്ദേശമെഴുതണമെന്നത് ദൈവനിയോഗമാണ്. അതിന് എന്നെ നിയോഗിച്ചതായ [redacted] മഹാദൈവത്തിനു സ്തുതി സ്തോത്രങ്ങൾ കരേറ്റി ക്കൊണ്ട് ഈ ക്രമത്തെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

പ്രിയമുള്ളവരെ, യുയോമയ സഭയുടെ തല്ക്കാലസ്ഥിതി നിങ്ങൾ നല്ലവണ്ണം അറിയുന്നു. അതിന്റെ ഭാവിയും നിങ്ങളിലാ കുന്നു. നിങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശി ക്കട്ടെ എന്ന തിരുവചന പ്രകാരം ഓരോരുത്തനും മറ്റുള്ളവർക്കു വെളിച്ചത്തെയാണോ അന്ധകാരത്തെയാണോ നൽകുന്നതെന്നു അവരവരുടെ ഹൃദയങ്ങളെ ശോധന ചെയ്തു നോക്കട്ടെ. വേദ നിയമങ്ങളെ പഠിക്കയും പഠിപ്പിക്കുകയും, ജീവരക്ഷയിൽ നിയമം,

## യുയോമയം

"കന്നീറ്റി പൊതുഏക ഐക്യതയോടു ചേർന്ന എല്ലാ യോഗങ്ങളിലേയും സകല കുടുംബങ്ങളിലുമുള്ള കുഞ്ഞുകുട്ടി ആബാലവൃദ്ധം സർവ്വർക്കും എന്റെ വിശുദ്ധ ചുംബനം.

പ്രിയമുള്ളവരേ! ഈ കന്നി 18-ാം തീയതി വെള്ളിയാഴ്ച യുയോമയാബ്ദം 16-ാം തീയതി പുറപ്പു ദിവസമത്രെ. അന്നേദിവസം ഐക്യവിരുന്നോടും ദശാംശപ്പിരിവോടും കൂടെ മഹാ ദൈവാരാധന സർവ്വ കുടുംബങ്ങളിലും നടത്തുകയും പരമൈക്യതയിന്നാത്മാവാകുന്ന മഹാദൈവത്തെ സ്തുതിക്കയും ചെയ്യണം. ആയത് ഇപ്രകാരം തന്നെ.

1. അന്നേദിവസം അതാതു കുടുംബത്തിലുള്ളവർ കഴിയുന്നിടത്തോളം അതാതു കുടുംബത്തിൽ തന്നെ ഇരിക്കണം.
2. അതാതു കുടുംബക്കാരുടെ കഴിവിനും പ്രാപ്തിക്കും തക്ക വണ്ണം വിരുന്നിനു വേണ്ടുന്ന വിശേഷ ഭക്ഷണ സാധനങ്ങൾ അവർ പാകം ചെയ്തു തയ്യാറാക്കണം.
3. എല്ലാം തയ്യാറാക്കിയതിനു ശേഷം കുടുംബത്തലവൻ മേശ വച്ച് കുടുംബക്കാരെ എല്ലാവരെയും ക്രമമായി ഇരുത്തി യുയോമയാബ്ദം 15-ാമാണ്ടത്തെ ആണ്ടറുതിപ്പിരിവായ കന്നിപ്പൂവിലെ ദശാംശം 18-ാം തീയതി വരെയുള്ളത് ഏനം പോലെ മേശമേലും അതിന്നടുക്കലുമായി കൊണ്ടുവന്നു വച്ച് വിവരത്തിന് കണക്കെഴുതണം. (അന്നേദിവസം ഒരു കുടുംബത്തിലും ദശാംശം ഇല്ലാതിരുന്നുകൂടാ. ഒന്നുമില്ലാത്തവർ താൻ ഭക്ഷിക്കുന്ന ഒരു നേരത്തെ ഭക്ഷണത്തിന്റെ ദശാംശമായ ഒരുപിടി നെല്ലോ, അരിയോ, പയറോ, ഒരു കാശോ, രണ്ടു ചേമ്പോ, കിഴങ്ങോ, വാഴയ്ക്കായോ എങ്കിലും വച്ചു കണക്കെഴുതണം). പിന്നീട് കുടുംബത്തലവൻ ശുശ്രൂഷയാരംഭിച്ച് ഹല്ലേലൂയ്യാ സ്തവവും, നിത്യവന്ദനാ വചനവും, പരമസായൂജ്യ നിയമവചനവും, പുരുഷസൂക്തവും ചൊല്ലി സമയം സൗകര്യവും പോലെ പാഠം വായിച്ച് 'ജീവ കലയേ" മുതലായ പാട്ടുകൾ പാടി ഭക്ഷണസാധനങ്ങളെ വാഴ്ത്തി, കുടുംബത്തലവനും തലവിയുമായി എല്ലാവർക്കും തങ്ങൾക്കും വിളമ്പി എല്ലാവരും തൃപ്തിയാംവണ്ണം ഭക്ഷിച്ച് കൈ കഴുവി ഭക്ഷിച്ച സ്ഥലവും മറ്റും വെടിപ്പാക്കി എല്ലാവരും വന്നിരുന്ന് "തിരുസന്നിധാനത്തിൽ നിന്ന്" മുതലായ പാട്ടുകളും പാടി പരമസായൂജ്യ നിയമവചനം ചൊല്ലി കുടുംബ

# യുയോമയം

*കന്നിറ്റി പൊതു ഏക ഐകതയോടു ചേർന്ന് എല്ലാ യോഗങ്ങളിലെയും സകല കുടുംബാംഗങ്ങൾക്കും എന്റെ വിശുദ്ധ ചുംബനം*

പ്രിയമുള്ളവരെ,

യുയോമയാബ്ദം 141-ാമാണ്ട് അവസാനിച്ച് 142-ാമാണ്ട് ആരംഭം ആവിർമോദം ഒന്നാം തീയതി, ക്രിസ്താബ്ദം 2022 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച ആയത് ജനകാബ്ദം 142-ാമാണ്ടായ കൊല്ലവർഷം 1198-ാമാണ്ട് കന്നി 16-ാം തീയതിക്ക് കന്യാബ്ദം 142-ാമാണ്ട് 24-ാം വാരവൃത്തം 217-ാം ദിവസം ധർമ്മ വാരദിനമാകയാൽ അന്നേ ദിവസം എല്ലാ ഭവനങ്ങളിലും മുൻക്രമ പ്രകാരം വിഭവ സമൃദ്ധമായ സദ്യയോടു കൂടി മഹാ ദൈവാ രാധന നടത്തുകയും നിങ്ങളുടെ ജീവദശാംശങ്ങളെ ജീവമേശ മേൽ സ്ഥാപിച്ച് ആ തൃക്കയ്യിൽ നിന്നു വരുന്ന ഭക്ഷണ പാനീയ ങ്ങളാൽ ആരോഗ്യപ്പെടുകയും ചെയ്യുവിൻ.

142-ാമാണ്ട് നവവത്സരത്തിലേക്ക് പ്രവേശിക്കുന്ന നമ്മൾ ഇത്രയും കാലം പിന്നിട്ട വഴികളെക്കുറിച്ച് തികച്ച് ബോധവാന്മാ രായിരിക്കണം. നിയമ പുരുഷന്റെ പിൻഗാമികളായ സഭാ പിതാ ക്കന്മാർ എത്രമാത്രം ത്യാഗം സഹിച്ചാണ് സഭയെ പണിതുയർ ത്തിയതെന്ന് നാം അറിഞ്ഞിരിക്കണം.

നിയമ പുരുഷൻ മതസ്ഥാപകൻ ആയിരുന്നെങ്കിൽ പിൻഗാമി യായി വന്ന യുസ്തൂസ് യാക്കോബ് ബോധകർ അവർകൾ സഭാ ശില്പിയായിരുന്നു. അദ്ദേഹമാണ് 1896-ൽ ആണ്ടുപിറപ്പ് പുതിയ ക്രമത്തിൽ ആചരിക്കണമെന്ന് കല്പന പുറപ്പെടുവിച്ചത്. പ്രസ് തുത കല്പനയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. ഈ ക്രമത്തെയാണ് പിൻഗാമികൾ ഇന്നുവരെയും തുടർന്ന് വന്നി രിക്കുന്നത് എന്ന് കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

# യുയോമയം

# നവവത്സര സന്ദേശം

(യുയോമയാബ്ദം – 142)

പാ.പാദ. എൻ.ഒ. ജയദേവൻ ബോധകർ